(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും കഴിഞ്ഞ ഒരു വർഷമായി നിയമനം നടത്തിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 16-9-1999-ന് മുമ്പ് റവന്യൂ വകുപ്പിലുണ്ടായിരുന്ന 13 ഒഴിവുകൾ 16-6-2003-ൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം പ്രസ്തുത ലിസ്റ്റിൽനിന്നും നികത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു വരുന്നു.

പോലീസിന്റെ സേവനം മെച്ചപ്പെടുത്താൻ നടപടി

11 [5832] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ ഡ്യൂട്ടി സമയം കുറയ്ക്കുന്നതിന് സർക്കാരിന് ഉദ്ദേശ്യമുണ്ടോ;

(ബി) പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനും പോലീസുകാരുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനും പ്രത്യേക ട്രെയിനിംഗ് ഏർപ്പെടുത്താൻ സർക്കാരിന് പരിപാടിയുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പോലീസുകാരുടെ ജോലിഭാരം കുറയ്ക്കുന്നതിനായി ഒരു പുതിയ സമയക്രമം 16-6-2003 മുതൽ പോലീസ് സ്റ്റേഷനുകളിൽ മൂന്ന് മാസത്തെ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ പി. എച്ച്. ക്യൂ., ഇ.ഡി. നം. 7/03 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് മാസത്തെ പരീക്ഷണത്തിനുശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി ഔപചാരികമായി സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

(ബി, സി) സ്ട്രെങ്ത്ത് മാനേജ്മെന്റ്, ടൈം മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങൾ ഇപ്പോൾ നൽകിവരുന്ന ട്രെയിനിംഗിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രൈം കൈകാര്യം ചെയ്യുന്നതിന് പുതിയ സംവിധാനം

12 [5833] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ ക്രൈം കൈകാര്യം ചെയ്യുന്നതിന് പുതുതായി എത്ര സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം സ്റ്റേഷനുകളിൽ ഇങ്ങനെയുള്ള സംവിധാനം നിലവിൽ വന്നശേഷം അതാത് സ്റ്റേഷനതിർത്തിക്കുള്ളിൽ ക്രൈം കേസുകൾ തെളിയിക്കുന്നതിൽ മുമ്പത്തേക്കാളും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) ഈ സംവിധാനം കാര്യക്ഷമമാണെങ്കിൽ ബാക്കി സ്റ്റേഷനുകളിലും ഇത്തരം സംവിധാനം ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം നഗരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ക്രമസമാധാനപാലനവും, ക്രൈം ഇൻവെസ്റ്റിഗേഷനും രണ്ടു വിഭാഗങ്ങളാക്കി പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം നഗരത്തിലെ 17 പോലീസ് സ്റ്റേഷനുകളിൽ ക്രൈം വിഭാഗത്തിൽ സബ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിലാണ് നടപ്പിലാക്കിയിരിക്കുന്നത്. പ്രസ്തുത സംവിധാനം പഠന വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. വിജയമാണെന്നു കാണുന്നപക്ഷം കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലും വ്യാപിപ്പിക്കുന്നതാണ്.

വിവിധ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

13 [5835] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ജൂലായ് 31 വരെ സംസ്ഥാനത്ത് നടന്ന വിവിധ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ എത്ര;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കേസുകളിൽ കുറ്റപത്രം സമർപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3,15,973 കേസുകൾ.

(ബി) 2,54,731 കേസുകൾ.

(സി) 29,896 കേസുകൾ. ബാക്കിയുള്ള കേസുകൾ റഫർ ചാർജ്ജ് നൽകിയതും മറ്റുമാണ്.

LIBRARY ARCHIVES Kerala Legislative Assembly